**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357** **28-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിക്ക് ഫിച്ച് ക്രെഡിറ്റ് റേറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബിക്ക് ഫിച്ച് ക്രെഡിറ്റ് റേറ്റിംഗ് നിലനിർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2021 ലും കിഫ്ബിയുടെ റേറ്റിങ് BB (Outlook Stable) ആയി ഫിച്ച് റേറ്റിംഗ്സ് നിലനിർത്തിയിട്ടുണ്ട്. കിഫ്ബിയുടെ ഇതുവരെയുള്ളതും സമീപഭാവിയിൽ പ്രതീക്ഷിക്കുന്നതുമായ ധനകാര്യ ഇടപാടുകളും വരവ് ചെലവ് കണക്കുകളും ഭാവിയിലെ പ്രതീക്ഷിക്കുന്ന വരവ് ചെലവ് വിശദമായി പഠിച്ചതിനു ശേഷമാണ് ഈ റേറ്റിങ് നൽകിയത്. കോവിഡ് പ്രതിസന്ധി തുടരുന്ന ഈ സമയത്ത് ഫിച്ച് stable outlook ഓടെ BB റേറ്റിങ് നിലനിർത്തിയിരിക്കുന്നത് കിഫ്ബിയ്ക്കും അതിന്റെ പ്രവർത്തനങ്ങൾക്കും ആത്മവിശ്വാസം നൽകുന്നതാണ്. |
| (ബി) | അമ്പതിനായിരം കോടി രൂപയുടെ വികസനം ലക്ഷ്യമിട്ട സംസ്ഥാനത്ത് അറുപത്താറായിരത്തി മുന്നൂറ്റി അറുപത്തൊന്ന് കോടിയിൽ പരം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. സർക്കാരിന്റെ വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് വിദൂരഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നു തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന |

| | | | |
|---|---|---|---|
| | | | നാളിതു വരെ ആകെ 64,338.73 കോടി രൂപയുടെ 918 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 44,338.73 കോടി രൂപയുടെ 912 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20000 കോടി രൂപയുടെ 6 ഭൂമി ഏറ്റെടുക്കൽ പദ്ധതികളും ഉൾപ്പെടുന്നു. |
| (സി) | പ്രവൃത്തികളുടെ ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുന്നതിന് കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ഗുണനിലവാരവും സമയക്രമവും പരിശോധന നടത്തുന്നതിന് കിഫ്ബിയ്ക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങ്) വിഭാഗം ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും SPVയ്ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സെർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിന് മുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സെർവേഷൻ മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തതെങ്കിലും നാളിതുവരെ കിഫ്ബി മുഖേന ആകെ 64338.73 കോടി രൂപയുടെ 918 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.

### 2021 ലെ ഫിച്ച് റേറ്റിംഗ് സംബന്ധിച്ച്

2021 ലും കിഫ്ബിയുടെ റേറ്റിങ് BB (Outlook Stable) ആയി ഫിച്ച് റേറ്റിംഗ്സ് നിലനിർത്തി. റേറ്റിങ് മാനദണ്ഡങ്ങൾ കിഫ്ബിയുടെ നില വളരെ ശക്തമെന്നും ഫിച്ച് അഭിപ്രായപ്പെട്ടു. എസ് ആൻഡ് പി, മൂഡീസ് എന്നിവ അടങ്ങുന്ന ലോകത്തെ മൂന്നു വലിയ ക്രെഡിറ്റ് റേറ്റിങ് ഏജൻസികളിൽ ഒന്നാണ് ഫിച്ച് ഗ്രൂപ്പ്. കോവിഡ് പ്രതിസന്ധി തുടരുന്ന ഈ സമയത്ത് ഫിച്ച് stable outlook ഓടെ BB റേറ്റിങ് നിലനിർത്തിയിരിക്കുന്നത് കിഫ്ബിക്ക് ആത്മവിശ്വാസം പകരുന്നതാണ്.

ഈ പ്രതിസന്ധി കാലത്തും ഇത്തരത്തിൽ ഒരു നേട്ടത്തിന് കിഫ്ബിയെ പ്രാപ്തമാക്കിയത് പല ഘടകങ്ങളാണെന്ന് ഫിച്ച് പറയുന്നു. ഈ ഘടകങ്ങളെല്ലാം വളരെ ശക്തമാണെന്നും ഫിച്ച് ചൂണ്ടിക്കാട്ടുന്നു.

ഫിച്ചിന്റെ ഗവൺമെന്റ് റിലേറ്റഡ് എന്റിറ്റീസ് (GRE) റേറ്റിങ് മാനദണ്ഡമനുസരിച്ച്, കിഫ്ബിയുടെ ജി ആർ ഇ സപ്പോർട്ട് സ്കോർ 50 പോയിന്റാണ്. സ്റ്റാറ്റസ്, ഓണർഷിപ്പ്, കൺട്രോൾ, സപ്പോർട്ട്, റെക്കോർഡ് തുടങ്ങിയ ഘടകങ്ങളിലെ 'വളരെ ശക്തമായത്'(Very Strong) എന്ന ഏജൻസിയുടെ വിലയിരുത്തലിനെ പ്രതിഫലിപ്പിക്കുന്നതാണിത്. ഒപ്പം സാമൂഹിക-രാഷ്ട്രീയ അനുമാനങ്ങളും (Socio-political implication) 'ശക്തം' (Strong) ആണെന്നും ഫിച്ച് വിലയിരുത്തുന്നു. കിഫ്ബിയുടെ കടങ്ങൾക്ക് നൂറു ശതമാനം സർക്കാർ ഗ്യാരണ്ടി ഉണ്ട്. കിഫ്ബിയുടെ സ്വന്തമായ കടബാധ്യതകൾ (Stand alone Credit Profile) ഫിച്ച് പരിഗണിച്ചിട്ടില്ല. കാരണം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ധനകാര്യ പ്രവർത്തനങ്ങളാണ് കിഫ്ബി നടത്തുന്നത്. അതുകൊണ്ടു തന്നെ കിഫ്ബിയുടെ റേറ്റിങ് നിർണയിക്കപ്പെടുന്നത് സർക്കാരിന്റെ ശക്തമായ ക്രെഡിറ്റ് സപ്പോർട്ട് വിലയിരുത്തിയാണെന്നും ഫിച്ച് പറയുന്നു.

കിഫ്ബി നിയമപരമായി പ്രത്യേക പദവിയുള്ള സ്ഥാപനമാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ള സർക്കാരിന്റെ പദ്ധതികളെ കിഫ്ബി കർശനമായി പിന്തുടരുന്നു. സർക്കാർ ഉദ്യോഗസ്ഥരും മുൻ ഉദ്യോഗസ്ഥരും സ്വതന്ത്ര വിദഗ്ധരും അടങ്ങിയതാണ് കിഫ് ബോർഡ്. ഫണ്ട് വക മാറി ചിലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള ഫണ്ട് ട്രസ്റ്റീ അഡ്വൈസറി കമ്മിഷനും ഫിച്ച് ചൂണ്ടിക്കാണിക്കുന്നു.

കിഫ്ബി എടുക്കുന്ന വായ്പയുടെ പലിശയടക്കമുള്ള തിരിച്ചടവിന് സർക്കാർ നൽകുന്ന ഗ്യാരണ്ടിയാണ് പ്രധാന ഘടകം. പുറമെ പെട്രോളിയം സെസ്, മോട്ടോർ വാഹന നികുതി എന്നിങ്ങനെയുള്ള ശക്തമായ വരുമാന സ്രോതസുകളും കിഫ്ബിയുടെ വിശ്വാസ്യത ഉയർത്തുന്നുണ്ട്.

സംസ്ഥാനത്തെ ജീവിതനിലവാരം ഉയർത്തുന്നതിനും സുസ്ഥിരമായ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് സംസ്ഥാന സർക്കാർ കിഫ്ബിയിലൂടെ നടപ്പാക്കുന്നത്.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ ഒരു തനത് സാമ്പത്തിക സംവിധാനം (Exclusive Finance Vehicle) എന്ന തരത്തിൽ കിഫ്ബിയുടെ പങ്ക് ഫിച്ച്റേറ്റിങ്ങിൽ കണക്കിലെടുത്തിട്ടുണ്ട്. ഗതാഗതം, നഗരവികസനം, ഊർജം, കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലായി കിഫ്ബിക്ക് പങ്കാളിത്തമുള്ള വികസനപദ്ധതികൾ വ്യാപിച്ചു കിടക്കുന്നതും ഫിച്ച് ചൂണ്ടിക്കാട്ടുന്നു. ഈ മേഖലകളിലെ വികസനം സംസ്ഥാനത്തിന്റെ സുസ്ഥിരമായ സാമ്പത്തിക പുരോഗതിയിൽ നിർണായകമാകും എന്നും ഫിച്ച് വിലയിരുത്തുന്നു.

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ സംബന്ധിച്ച്**

കോവിഡ് പ്രതിസന്ധികൾക്കിടയിലും കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളും എത്തിക്കുക വഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി. ഏതാണ്ട് 13000 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിക്കാൻ സാധിച്ചു. സുസജ്ജമായ കിഫ്ബിയുടെ ഓൺലൈൻ സംവിധാനങ്ങൾ ഇതിനു ഒരു മുഖ്യകാരണമാണ്.

ഈ കാലയളവിൽ കിഫ്ബിയിലൂടെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളായ ഹൈടെക് സ്കൂളുകൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നിവ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികളെ ഫലപ്രദമായി നേരിടുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇതിനു പുറമെ 2021-22 ലെ പുതുക്കിയ ബഡ്ജറ്റിൽ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്കുകളും, ജില്ലാ ആശുപത്രികളിൽ പീഡിയാട്രിക് ഐ.സി.യു വാർഡുകളും കിഫ്ബി വഴി നിർമ്മിക്കുവാൻ പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23

കാലഘട്ടത്തിൽ കിഫ്ബിയുടെ നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നിർവഹണം അതിന്റെ പാരമ്യതയിൽ ആയിരിക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

**പദ്ധതികളിൽ ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച്**

ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിയ്ക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങ്) ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്.

കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും SPV യ്ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സെർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിന് മുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സെർവേഷൻ മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി തടഞ്ഞു വയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

i. ഓട്ടോ ലാബ്: പദ്ധതികളുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനം ആണ്. കൂടാതെ സർവ്വേ, ദൃശ്യ വിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോ ലാബ് ഏറ്റെടുത്തു നടത്തുന്നു.

ii. ഡ്രോൺ ബേസ്ഡ് ക്വാളിറ്റി / പ്രോഗ്രസ്സ്മോണിറ്ററിങ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെ പുരോഗതി മനസിലാക്കുകയും ചെയ്യുന്നു.

iii. സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്തു പ്രവൃത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു.

iv. നോൺ-ഡിസ്ട്രക്റ്റിവ് ടെസ്റ്റിംഗ് എക്വിപ്മെൻറ്: കിഫ്ബിയുടെ അത്യാധുനിക ഈ ഉപകരണങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങളെ തടസപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.

v. ക്വാളിറ്റി മോണിറ്ററിങ് സ്റ്റഡിയോ: നിർമാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കിഫ്ബി ഓഫീസിൽ ഇരുന്നു തന്നെ വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു

vi. നെറ്റ്‌വർക്ക് ലാബ് സിസ്റ്റം: നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കാൻ സാധിക്കുന്ന അത്യാധുനിക ടെസ്റ്റിംഗ് ലാബ്.

ടെക്നിക്കൽ റിസോഴ്‌സ്സെന്റർ: സെൻറ്റർ ഫോർ മാനേജ്‌മെന്റ് ഡെവലപ്പ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ് .പി.വി.കൾക്ക് ആവശ്യമുള്ള സാങ്കേതിക സഹായങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുന്നു.

ഇതോടൊപ്പം കിഫ്ബിയുടെ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിലെ ചട്ടങ്ങൾക്ക്അനുസൃതമായാണ് നടന്നു വരുന്നതെന്ന് പരിശോധിക്കുകയും പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ഇത്തരത്തിൽ പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനും ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുമായി വിവിധ സംവിധാനങ്ങൾ കിഫ്ബിയിൽ ഉണ്ട്.

സെക്ഷൻ ഓഫീസർ